VIG2/TSR/2023/1(1)

**തദ്ദേശ സ്വയംഭരണ വകുപ്പ്**
**ജില്ലാ ജോയിന്റ് ഡയറക്ടറുടെ**
**കാര്യാലയം തൃശൂർ.**
**തിയ്യതി :21-09-2023**

ഇന്റേണൽ വിജിലൻസ് ഓഫീസർ 2&
കൺവീനർ ,സിറ്റിസൺ അദാലത്ത് ഉപസമിതി
തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, തൃശൂർ

ശ്രീ. വികാസ് മോഹൻ ,
മേനോത്ത് ഹൌസ് ,
ചൊവ്വന്നൂർ PO
680517

സർ,

വിഷയം: സിറ്റിസൺ അദാലത്ത്- കുന്നംകുളം നഗരസഭയിലെ വാർഡ് 9 കെട്ടിട നമ്പർ 156 / 1 ൽ കെട്ടിട നിർമാണ ചട്ടങ്ങൾ ലംഘിച്ച് അനധികൃത നിർമ്മാണം സംബന്ധിച്ച പരാതി-ഉപസമിതി നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത്.

സൂചന: ശ്രീ. വികാസ് മോഹൻ ,മേനോത്ത് ഹൌസ് ,ചൊവ്വന്നൂർ സിറ്റിസൺ അദാലത്തിൽ സമർപ്പിച്ച പരാതി

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. താങ്കൾ സിറ്റിസൺ അദാലത്തിൽ സമർപ്പിച്ച പരാതി അന്വേഷിക്കുന്നതിനായി 14-09-2023 ന് ചേർന്ന ജില്ലാ ഉപസമിതി തീരുമാനിക്കുകയും 20-09-2023 ന് ഉപസമിതി കൺവീനർ ആയ ഇന്റേണൽ വിജിലൻസ് ഓഫീസർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് ടൌൺ പ്ലാനെർ എന്നിവർ സ്ഥലം നേരിട്ട് സന്ദർശിക്കുകയും നഗരസഭാ രേഖകകൾ പരിശോധിക്കുകയുമുണ്ടായി. ആയതിൽ ഗ്രൗണ്ട് ഫ്ലോറിലെ സെറ്റ്ബാക്ക് ഏരിയയും ,രണ്ടാം നിലയും പൂർണ്ണമായും അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായി ബോധ്യപ്പെട്ടു. രേഖകൾ പരിശോധിച്ചതിൽ നിന്നും 14-06-2022 ൽ അനധികൃത നിർമ്മാണം സംബന്ധിച്ച് റെവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി കാണുന്നു. എൻജിനീയറിങ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരം 318.13 ച .മീ അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതായും 26-12-2022 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റവന്യൂ ഇൻസ്പെക്ടറുടെ 14-06-2022 ലെ റിപ്പോർട്ടിന്റെയും എൻജിനീയറിങ് വിഭാഗത്തിൻറെ 26-12-2022 ലെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ 03-02-2023 ന് ഉടമകൾക്ക് നോട്ടീസ് നല്കിയിട്ടുള്ളതായും ആയതിനു ഉടമകളിൽ ഒരാളായ ശ്രീ. മുഹമ്മദ് ഷെരീഫ് 12-04-2023 ന്

സമർപ്പിച്ച മറുപടിയിൽ അനധികൃത നിർമ്മാണം സംബന്ധിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിരുന്നെങ്കിലും നാളിതുവരെ ആയത് പൊളിച്ച് നീക്കിയിട്ടില്ലാത്തതാണ്.

തുടർന്ന് 03-06-2023 ന് 1994 ലെ കേരള മുൻസിപ്പൽ ആക്ട് വകുപ് 406 (1) അനുസരിച്ച് നോട്ടീസും അനധികൃത നിർമ്മാണം പൊളിച്ച് നീക്കുന്നതിനുള്ള ഉത്തരവും സെക്രട്ടറി നല്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും അനധികൃത നിർമ്മാണം പൊളിച്ച് നീക്കിയിട്ടില്ല. ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കാലതാമസം കൂടാതെ അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതിന് നഗരസഭ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**ദുർഗ്ഗാദാസ് സി കെ**
**ഇന്റേണൽ വിജിലൻസ് ഓഫീസർ-2 &**
**കൺവീനർ ,സിറ്റിസൺ അദാലത്ത്**
**ഉപസമിതി**

**പകർപ്പ്:** സെക്രട്ടറി,കുന്നംകുളം നഗരസഭ